പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3209

21/12/2012 - ൽ മറുപടിയ്ക്ക്

## നൂറ് തൊഴിൽദിനങ്ങൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങളിൽ കേവലം 7 ശതമാനത്തിന് മാത്രമാണ് കഴിഞ്ഞവർഷം 100 ദിവസം ജോലി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) 2011-12 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 1885709 കുടുംബങ്ങളിൽ ആവശ്യാധിഷ്ഠിതമായി തൊഴിൽ ലഭിച്ച 1416441 കുടുംബങ്ങളിൽ 124821 കുടുംബങ്ങൾ 100 ദിവസം തൊഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും നൂറ് തൊഴിൽദിനങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) രജിസ്റ്റർ ചെയ്ത് തൊഴിലാവശ്യപ്പെടുന്ന കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് എന്ത് പ്രവർത്തനമാണ് ലക്ഷ്യം വയ്ക്കുന്നത് എന്ന് വിശദമാക്കാമോ? | (സി) തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിന് അടുത്ത വർഷത്തെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും മുൻകൂട്ടി അംഗീകാരം വാങ്ങുകയും ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസാങ്കേതികാനുമതികൾ മുൻകൂട്ടി നൽകുകയും ചെയ്യുന്നു. പ്രവൃത്തികൾ സമയ ബന്ധിതമായി ഏറ്റെടുത്ത് തൊഴിൽ നൽകുന്നതിന് ഭരണ സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഗ്രാമ/ ബ്ലോക്ക് / ജില്ലാതലത്തിൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ